# COMMISSION FOR CATECHETICS

*(Archeparchy of Kottayam)*

Rev. Dr. Bressan Ozhungalil
Chairman
E-Mail:frbressanj@gmail.com
Mob: 9495080049

Knanaya Catholic Chaithanya Pastoral Centre
Thellakom P.O., Kottayam- 686 630
Phone : 0481 - 2791098
E-Mail:catechismktm@gmail.com

## STD IX

പാഠം 1

## ദൈവാരാധന

1. പിതാവിന്റെ ഇഷ്ടം പൂർണ്ണമായും നിറവേറ്റാൻ ഈശോ എന്തുചെയ്തു?
തന്നെത്തന്നെ ബലിയർപ്പിച്ചു

2. ഏറ്റവും ശ്രേഷ്ഠമായ ദൈവാരാധന എന്ത്?
ഈശോയുടെ ബലിയിലുള്ള പങ്കുചേരൽ

3. ലിറ്റർജി എന്ന വാക്കിന്റെ അർത്ഥം?
പൊതുപ്രവൃത്തി (ഇന്ന് ആരാധനക്രമം എന്ന പേരിലാണ് വിവർത്തനം ചെയ്യുന്നത്)

4. ഈശോ എങ്ങനെയാണ് യഥാർത്ഥ ദൈവാരാധന നടത്തിയത്?
തന്റെ ജീവിതത്തിലൂടെയും ബലിയർപ്പണത്തിലൂടെയും

5. സീനായ് മലയിൽവച്ച് ദൈവം എങ്ങനെയാണ് ഇസ്രായേൽ ജനത്തോട് ഇടപെട്ടത്?
ഉടമ്പടി ഉണ്ടാക്കി സ്വന്തം ജനം ആക്കി

6. യഥാർത്ഥ ആരാധനയെക്കുറിച്ച് വി. ഇറനേവൂസ് എന്താണ് വിശേഷിപ്പിക്കുന്നത്?
ദൈവകല്പന അനുസരിച്ചുള്ള ജീവിതം

7. ആദിമനുഷ്യൻ എങ്ങനെ ആരാധന നടത്തി?
തങ്ങളുടെ ബുദ്ധിക്കും ശക്തിക്കും അതീതമായ പ്രപഞ്ചശക്തികളെ ആരാധിച്ചുകൊണ്ടാണ് ആദിമനുഷ്യൻ ആരാധന നടത്തിയത്

8. ലിറ്റർജിയുടെ വിവിധ ഘടകങ്ങൾ?
ദിവ്യബലി, കൂദാശകൾ, കൂദാശാനുകരണങ്ങൾ, ആരാധനാവത്സരം,യാമപ്രാർത്ഥന

9. .............ചേർന്ന് ബലിയർപ്പിക്കുന്ന ആരാധനാ സമൂഹം രക്ഷയുടെ അനുഭവത്തിൽ എത്തുന്നു.
യേശുവിനോട്

10. സഭയുടെ ഔദ്യോഗികവും പരസ്യവുമായ ആരാധനയ്ക്ക് .................... എന്ന് പറയും
ലിറ്റർജി (ആരാധനാക്രമം)